(ഡി) പുതിയ ഒ.പി. വിഭാഗത്തിൽ നിന്നും വാർഡുകളിലെത്താൻ രോഗികൾക്ക് ഇപ്പോൾ വളരെയേറെ ബുദ്ധിമുട്ട് അനുഭവിക്കേണ്ടിവരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഇ) പുതിയ ഒ.പി. ബ്ലോക്കിൽ നിന്നും വാർഡുകളിലേക്ക് രോഗികളെ കൊണ്ടുപോകുന്നതിനുള്ള കോറിഡോർ നിർമ്മിക്കുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിച്ചു ;

(എഫ്) ഈ കോറിഡോർ എന്ന് പ്രവർത്തനക്ഷമമാക്കാൻ കഴിയുമെന്ന് അറിയിക്കുമോ ?

ഉത്തരം

(എ) തിരുവനന്തപുരം മെഡിക്കൽ കോളേജിലെ പുതിയ ഒ.പി. ബ്ലോക്കിന്റെ പ്രവർത്തനം പൂർണ്ണതോതിൽ ആരംഭിച്ചിട്ടുണ്ട്. അസ്ഥിരോഗ വിഭാഗം ഒഴികെയുള്ള ഒ.പി.-കൾ ഇവിടേക്ക് മാറ്റിയിട്ടുണ്ട്. എക്സറേ മെഷീൻ ലഭ്യമാകുന്നതോടുകൂടിയേ അസ്ഥിരോഗ വിഭാഗം പുതിയ ഒ.പി. ബ്ലോക്കിലേക്ക് മാറ്റുവാൻ സാധിക്കുകയുള്ളൂ.

(ബി) അസ്ഥിരോഗ വിഭാഗത്തിനുള്ള എക്സ്റേ മെഷീൻ സ്ഥാപിക്കുന്നതിനുള്ള നടപടികൾ പൂർത്തീകരിക്കാനുണ്ട്.

(സി) മെഡിസിൻ, സർജറി, ത്വക്രോഗം ഇ.എൻ.ടി., കാർഡിയോളജി, ഇൻഫെക്ഷ്യസ് ഡിസീസ്, പ്ലാസ്റ്റിക് സർജറി, സൈക്യാട്രി, തൊറാസ്സിക് സർജറി, റെസ്പിറേറ്ററി മെഡിസിൻ, തൈറോയ്ഡ് ക്ലീനിക്, ഡയബറ്റിക് ക്ലീനിക്, ഹെമറ്റോളജി തുടങ്ങിയ ഒ.പി.-കൾ ഇവിടെ പ്രവർത്തിക്കുന്നു.

(ഡി) ഉണ്ട്.

(ഇ) കോറിഡോറിന്റെ പണി പൂർത്തിയാക്കാനുള്ള അടിയന്തര നിർദ്ദേശം നൽകുകയും പണികൾ ധൃതഗതിയിൽ നടക്കുകയുംചെയ്യുന്നു.

(എഫ്) ഈ കോറിഡോർ താമസിയാതെ പ്രവർത്തനക്ഷമമാക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

തിരുവനന്തപുരം മെഡിക്കൽ കോളേജിലെ സൂപ്പർ സ്പെഷ്യാലിറ്റി ബ്ലോക്കിന്റെ പ്രവർത്തനം

60 (509) ശ്രീ. എ. പി. അനിൽ കുമാർ :
ശ്രീ. സി. പി. മുഹമ്മദ് :
ശ്രീ. അടൂർ പ്രകാശ് :
ശ്രീ. ജോർജ് മേഴ്സിയർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവനന്തപുരം മെഡിക്കൽ കോളേജിൽ ആരംഭിച്ച സൂപ്പർ സ്പെഷ്യാലിറ്റി ബ്ലോക്കിന്റെ പ്രവർത്തനം പൂർണ്ണമായി നടപ്പിലായിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഈ സൂപ്പർ സ്പെഷ്യാലിറ്റി ബ്ലോക്കിൽ ഏതൊക്കെ വിഭാഗങ്ങളുടെ പ്രവർത്തനങ്ങളാണ് ഇപ്പോൾ ആരംഭിച്ചിട്ടുള്ളത് ;

(സി) ഇനിയും ഇവിടെ ഏതൊക്കെ വിഭാഗങ്ങളുടെ പ്രവർത്തനങ്ങൾക്കാണ് സൗകര്യം ലഭ്യമാക്കേണ്ടത് ;

(ഡി) ഈ ബ്ലോക്കിൽ ഇനിയും എന്തൊക്കെ സൗകര്യങ്ങളാണ് ഏർപ്പെടുത്താനുള്ളത് എന്ന് വെളിപ്പെടുത്തുമോ ;

(ഇ) കേന്ദ്ര സർക്കാരിന്റെ "സ്വാസ്ഥ്യസുരക്ഷാ യോജന"യിൽനിന്നും ഇതുവരെ ഈ ബ്ലോക്കിനായി എന്തു തുക ചെലവഴിച്ചു എന്നറിയിക്കുമോ ;

(എഫ്) ഈ പദ്ധതിയിലൂടെ ഇനിയും എത്രകോടി രൂപ തിരുവനന്തപുരം മെഡിക്കൽ കോളേജിന്റെ വികസനത്തിനായി ലഭ്യമാക്കുവാൻ കഴിയും എന്ന് വിശദമാക്കുമോ ?

ഉത്തരം

(എ) 1-7-2010 മുതൽ സൂപ്പർ സ്പെഷ്യാലിറ്റി ബ്ലോക്കിലുള്ള 6 ഡിപ്പാർട്ടുമെന്റിന്റെയും ഒ.പി.-യും മൈനർ പ്രൊസിഡ്യൂയേഴ്സായ എൻഡോസ്ക്കോപ്പി, ഇ.ഇ.ജി., ഇ.എം.ജി. മുതലായവയും പുതിയ കെട്ടിടത്തിലേക്കുമാറ്റി. മെഡിക്കൽ ഗ്യാസ് മുതലായ ജീവരക്ഷ ഉപാധികൾ ടെസ്റ്റുചെയ്ത് കമ്മീഷൻ ചെയ്തതിന് ശേഷം ഫെബ്രുവരി മാസത്തിൽത്തന്നെ ഐ.പി.-യും ഇവിടെ പ്രവർത്തനം ആരംഭിക്കും.

(ബി) നെഫ്രോളജി, യൂറോളജി, മെഡിക്കൽ ഗ്യാസ്ട്രോ എൻട്രോളജി, സർജിക്കൽ ഗ്യാസ്ട്രോ എൻട്രോളജി, ന്യൂറോളജി, ന്യൂറോ സർജറി എന്നീ വിഭാഗങ്ങളുടെ പ്രവർത്തനങ്ങളാണ് ആരംഭിച്ചിട്ടുള്ളത്.

(സി) ഈ ആറ് വിഭാഗത്തിന്റെയും ഐ.പി. വിഭാഗം ഇവിടെ തുടങ്ങുന്നതാണ്.

(ഡി) ഓപ്പറേഷൻ തീയറ്ററുകളുടേയും, ഇന്റൻസീവ് കെയർ യൂണിറ്റുകളുടെയും കമ്മീഷനിംഗിന് ആവശ്യമായ പണികൾ അവസാനഘട്ടത്തിലാണ്. നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തിയാക്കിയശേഷം ഇവ അണുവിമുക്തമാക്കുന്ന പ്രവർത്തനങ്ങളും പൂർത്തീകരിക്കേണ്ടതുണ്ട്.

(ഇ) കേന്ദ്ര സർക്കാരിന്റെ "സ്വാസ്ഥ്യ സുരക്ഷാ യോജന" പദ്ധതി പ്രകാരം നൂറുകോടി രൂപ തിരുവനന്തപുരം മെഡിക്കൽ കോളേജിന്റെ വികസന പ്രവർത്തനങ്ങൾക്കായി കേന്ദ്രം അനുവദിച്ചിട്ടുണ്ട്. ഈ പദ്ധതിപ്രകാരമുള്ള നിർമ്മാണ പ്രവർത്തനങ്ങളും ഉപകരണങ്ങൾ വാങ്ങുകയും ചെയ്യുന്നത് കേന്ദ്ര സർക്കാർ സ്ഥാപനമായ എച്ച്.എൽ.എൽ. ലൈഫ് കെയർ ലിമിറ്റഡ് മുഖേനയാണ്. ഇതിനായുള്ള തുക കേന്ദ്ര സർക്കാർ നേരിട്ട് എച്ച്.എൽ.എൽ.-നു നൽകുകയാണ് ചെയ്യുന്നത്. സൂപ്പർ സ്പെഷ്യാലിറ്റി ബ്ലോക്ക് പണിക്കായി 53.75 കോടി രൂപയും മെഡിക്കൽ ഉപകരണങ്ങൾക്കായി 45.45 കോടി രൂപയുമാണ് ആകെ ചെലവ്. സംസ്ഥാന വിഹിതമായി 20 കോടിയിലധികം രൂപയും ചെലവായിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(എഫ്) ഇത് ഒരുതവണ നൽകുന്ന ഗ്രാന്റായതിനാൽ ഈ പദ്ധതി വഴിയുള്ള ധനസഹായം ഇനി തിരുവനന്തപുരം മെഡിക്കൽ കോളേജിന് ലഭിക്കുവാൻ സാധ്യതയില്ല.

മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിലെ അദ്ധ്യാപകരുടെ പെൻഷൻപ്രായം

61 (510) ശ്രീ. കെ. ബി. ഗണേഷ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിലെ മെഡിക്കൽ അദ്ധ്യാപകരുടെ പെൻഷൻ പ്രായം 60 ആയി വർദ്ധിപ്പിച്ച് അതിന് മുൻകാലപ്രാബല്യം നൽകിയതിന്റെ പിൻബലത്തിൽ ഇപ്പോൾ, വകുപ്പിൽ ഏതെല്ലാം വിഭാഗത്തിലുള്ള എത്ര അദ്ധ്യാപകർ തുടരുന്നുണ്ട് ; ഈ വിഭാഗങ്ങളിൽ പ്രൊമോഷന് യോഗ്യരായവർ ഉണ്ടോ ;

(ബി) ആരോഗ്യ വകുപ്പിന്റെകീഴിൽ വിരമിക്കൽ തീയതി ഏകീകരണ പ്രകാരമുള്ള മാർച്ച് 31 അല്ലാതെ മറ്റ് മാസങ്ങളിൽ വിരമിക്കൽ അനുവദിച്ചിട്ടുള്ള വകുപ്പുകൾ ഏതെല്ലാമാണ് ;

(സി) മെഡിക്കൽ വിദ്യാഭ്യാസവകുപ്പിൽ ഏപ്രിൽ മാസത്തിൽ വിരമിക്കൽ അനുവദിക്കുന്നതിന്റെ യുക്തി എന്താണ് ;

(ഡി) മെഡിക്കൽ വിദ്യാർത്ഥികൾക്ക് വാർഷിക അവധികൾ ലഭ്യമാണോ ?

ഉത്തരം

(എ) മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിലെ അദ്ധ്യാപകരുടെ പെൻഷൻ പ്രായം വർദ്ധിപ്പിച്ചപ്പോൾ മുൻകാലപ്രാബല്യം നൽകിയിട്ടില്ല. പ്രസ്തുത അദ്ധ്യായനവർഷം ഏപ്രിൽ 30 വരെ സർവ്വീസിൽ ഉണ്ടായിരുന്നവർക്കുമാത്രമേ പ്രസ്തുത ആനുകൂല്യം ലഭിച്ചിട്ടുള്ളു.

(ബി) മെഡിക്കൽ വിദ്യാഭ്യാസവകുപ്പിലെ അദ്ധ്യാപകർ.

(സി) അക്കാദമിക് വർഷം അവസാനിക്കുന്നത് ഏപ്രിൽ 30-നാണ് അദ്ധ്യയനവർഷം തീരുന്നതിനിടയിൽ അദ്ധ്യാപകർ വിരമിച്ചുപോയാൽ അത് വിദ്യാർത്ഥികളുടെ പഠനത്തെ ദോഷകരമായി ബാധിക്കും.

(ഡി) മെഡിക്കൽ കരിക്കുലം അനുസരിച്ച് മെഡിക്കൽ വിദ്യാർത്ഥികൾ വാർഷിക അവധിക്ക് അർഹരല്ല.

മെഡിക്കൽ വിദ്യാർത്ഥികൾക്ക് നൽകുന്ന സ്റ്റൈപ്പന്റ്

62 (511) ശ്രീമതി കെ. എസ്. സലീഖ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മെഡിക്കൽ വിദ്യാർത്ഥികൾക്ക് നൽകുന്ന സ്റ്റൈപ്പന്റ് ഏതെല്ലാം വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്കാണ് കൊടുക്കുന്നത് ;

LIBRARY ARCHIVES Kerala Legislative Assembly